ടാറിംഗ്, പഴയ റോഡ് റീ ടാറിംഗ്, നിലവിലുള്ള റോഡ് കോൺക്രീറ്റിംഗ്, പുതിയ കാന നിർമ്മാണം, സംരക്ഷണ ഭിത്തി, 6 ഓവർഹെഡ് വാട്ടർ ടാങ്ക്, കിണർ അറ്റകുറ്റപ്പണി, വീടുകളുടെ അറ്റകുറ്റപ്പണി എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ടി പ്രവൃത്തികളിൽ റോഡ് കരിങ്കൽ വിരിച്ച് 170 മീറ്റർ സംരക്ഷണ ഭിത്തിയുടെ 75% പണി കഴിഞ്ഞു. ഓവർഹെഡ് വാട്ടർ ടാങ്ക് വാർത്തിട്ടുണ്ട്. ഇതിലേയ്ക്കായി 25 ലക്ഷം രൂപ ഒന്നാം ഗഡുവായി അനുവദിച്ചതിൽ 23.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട ഏജൻസികൾക്ക് കഴിവതും വേഗത്തിൽ പണി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗാന്ധി ഗ്രാമം പദ്ധതി

327 (1016) ശ്രീ. ഐ. സി.ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളിൽ ഗാന്ധി ഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോളനികളുടെ അടിസ്ഥാന സൗകര്യ വികസനമാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ചുവടെ പറയുന്ന പ്രവൃത്തികളിൽനിന്നും കോളനികളുടെ വികസനത്തിനാവശ്യമായ പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കി വരുന്നു:

1. കോളനിക്കുള്ളിലെ റോഡ്/നടപ്പാതയുടെ നിർമ്മാണം
2. ഡ്രെയിനേജ് സൗകര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

3. കുടിവെള്ള പദ്ധതികൾ
4. വൈദ്യുതീകരണം
5. ബയോഗ്യാസ് പ്ലാന്റ്
6. കമ്മ്യൂണിറ്റി ഹാൾ/ഓഡിറ്റോറിയം
7. കോമ്പൗണ്ട് വാൾ

(സി) ഗാന്ധിഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത പട്ടികജാതി കോളനികളിൽ പരമാവധി ഒരു കോടി രൂപ വീതം വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകുകയും സർക്കാർ അക്രഡിറ്റഡ് ഏജൻസികളെ നിർവ്വഹണ ചുമതല ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണ ഏജൻസികൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ധാരണാപത്രം ഒപ്പിട്ട് എസ്റ്റിമേറ്റ് തുകയുടെ 25% ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്.

അട്ടർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

328 (1017) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പ് ഈ സർക്കാരിന്റെ കാലയളവിൽ അട്ടർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ പദ്ധതി തിരിച്ച് അടങ്കൽ സൂചനയും വ്യക്തിഗത സഹായ പദ്ധതികളിലെ ഗുണഭോക്താക്കളുടെ എണ്ണം സഹിതം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ഉത്തരം

പട്ടികജാതി വികസന വകുപ്പ് ഈ സർക്കാരിന്റെ കാലയളവിൽ അട്ടർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly